# കണ്ണൂർസർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I..2/PR/2022 കെ. യു എച്ച്. ക്യു, തീയതി 23.08.2022

**പ്രസിദ്ധീകരണത്തിന്**

**പരീക്ഷാഫലം**

- **രണ്ടാം** സെമസ്റ്റർ **ബി. എ. സോഷ്യൽ സയൻസസ്, ബി. എസ് സി. ലൈഫ് സയൻസ്/ കോസ്റ്റ്യൂം & ഫാഷൻ ഡിസൈനിങ്** ഏപ്രിൽ 2021 (റെഗുലർ) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനഃപരിശോധനക്കും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **02.09.2022** വരെ **ഓൺലൈനായി** അപേക്ഷിക്കാം.

  **29.08.2022** ന് ആരംഭിക്കുന്ന ബി. എം. എം. സി. ഉൾപ്പെടെയുള്ള ന്യൂജനറേഷൻ പ്രോഗ്രാമുകളുടെ **സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്** പരീക്ഷകൾക്ക് **24.08.2022** ന് അപേക്ഷിക്കാം. അപേക്ഷകളുടെ പ്രിന്റൌട്ടും ചലാനും **25.08.2022** ന് വൈകുന്നേരം 5 മണിക്കകം സർവകലാശാലയിൽ സമർപ്പിക്കണം.
- സർവകലാശാല പഠനവകുപ്പിലെ **ഒന്നാം** സെമസ്റ്റർ **എം. ബി. എ.** നവംബർ 2020 (സപ്ലിമെന്ററി) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനഃപരിശോധനക്കും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **02.09.2022** വരെ അപേക്ഷിക്കാം.
- സർവകലാശാല പഠനവകുപ്പിലെ **ഒന്നാം** സെമസ്റ്റർ **എം. എ. ജേണലിസം & മാസ് കമ്യൂണിക്കേഷൻ** നവംബർ 2020 (സപ്ലിമെന്ററി) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനഃപരിശോധനക്കും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **03.09.2022** വരെ അപേക്ഷിക്കാം.

**പരീക്ഷ പുനഃക്രമീകരിച്ചു**

**27.08.2022 (ശനി), 31.08.2022 (ബുധൻ)** തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന **രണ്ടാം** സെമസ്റ്റർ **ബിരുദാനന്തര ബിരുദ** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ഏപ്രിൽ 2022 പരീക്ഷകൾ യഥാക്രമം **12.09.2022 (തിങ്കൾ), 13.09.2022 (ചൊവ്വ)** തീയതികളിൽ നടക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചു. പരീക്ഷാകേന്ദ്രത്തിലും സമയക്രമത്തിലും മാറ്റമില്ല.

**തീയതി നീട്ടി**

**നാലാം** സെമസ്റ്റർ **ബിരുദ** (ഏപ്രിൽ 2022) പരീക്ഷകളുടെ ഇന്റേണൽ മാർക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി **25.08.2022** വരെ നീട്ടി.

## <u>ടൈംടേബിൾ</u>

**15.09.2022** ന് ആരംഭിക്കുന്ന ചുവടെ നൽകിയ പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു:

- **ഒന്നാം** വർഷ **അഫ്സൽ-ഉൽ-ഉലമ (പ്രിലിമിനറി)** റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് **(പ്രൈവറ്റ് രജിസ്ട്രേഷൻ/ വിദൂരവിദ്യാഭ്യാസം ഉൾപ്പെടെ)**, ഏപ്രിൽ 2022
- **ഒന്നാം** സെമസ്റ്റർ **പ്രൈവറ്റ് രജിസ്ട്രേഷൻ ബി. എ./ ബി. കോം./ ബി. ബി. എ.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), നവംബർ 2021
- **ഒന്നാം** സെമസ്റ്റർ **പ്രൈവറ്റ് രജിസ്ട്രേഷൻ എം. എ.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), നവംബർ 2021

## <u>മൂല്യനിർണ്ണയം/ വൈവവോസി</u>

അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും **നാലാം** സെമസ്റ്റർ **എം. ബി. എ.** ഡിഗ്രി (റെഗുലർ/ സപ്ലിമെന്ററി – 2018 അഡ്മിഷൻ മുതൽ) ഏപ്രിൽ 2022 പ്രൊജക്ട് മൂല്യനിർണ്ണയവും വൈവ-വോസി പരീക്ഷകളും **30.08.2022** ന് **സി. എം. എസ്. മാങ്ങാട്ടുപറമ്പ, എം.ബി.എ സെന്റർ നീലേശ്വരം, കണ്ണൂർ സർവകലാശാല താവക്കര ക്യാംപസ്** എന്നിവിടങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**പരീക്ഷാവിഭാഗം**